വ്യവസായസ്ഥാപനങ്ങൾ.

10. [20] ശ്രീ. ടി. പി. സീതാരാമൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1948-ൽ ഈ സംസ്ഥാനത്ത് എത്ര വ്യവസായസ്ഥാപനങ്ങൾ ഉണ്ടായിരുന്നു; 1951-ൽ എത്ര; 1955-ൽ എത്ര?

ഉത്തരം.

1948-ൽ 28 വ്യവസായസ്ഥാപനങ്ങളും, 1951-ൽ 31 വ്യവസായസ്ഥാപനങ്ങളും പ്രവർത്തനം നടത്തുന്നതായിരുന്നു. 1955-ൽ 28 വ്യവസായസ്ഥാപനങ്ങൾ പ്രവർത്തനം നടത്തുന്നുണ്ട്.

ഇടവക കൃഷിഭൂമികളുടെ നഷ്ടപരിഹാരം.

11. [23] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ, വഞ്ഞിപ്പുഴ ഇടവകക്കുടിയാന്മാർ ഇടവക ജന്മിക്കുള്ള നികുതിയും, അടിസ്ഥാനനികുതിയും ഇന്നു നൽകേണ്ടതായിട്ടുണ്ടോ; ടി ഇടവകകളിൽനിന്ന് ഗവണ്മെൻറിന് എന്തു തുകവീതം അടിസ്ഥാനനികുതിയായി കിട്ടുന്നുണ്ട്; അവിടെയുള്ള കുടിയാന്മാരിൽ നിന്ന് ഇടവകക്കാർ എന്തു നികുതിവീതം ആണ്ടിൽ പിരിക്കുന്നു;

(ബി) ടി ഇടവക കുടിയാന്മാർക്ക് പട്ടയം കൊടുത്തിട്ടുണ്ടോ; അവർ തടിവിലയും, തറവിലയും കെട്ടിവച്ചിട്ടുള്ളവരാണോ; അങ്ങനെങ്കിൽ ഇടവക നികുതിപിരിവ് റദ്ദുചെയ്യാതിരിക്കുന്നതു് എന്തുകൊണ്ടാണ്; ടി കുടിയാന്മാർ ഇനിയും നഷ്ടപരിഹാരംനൽകിയേ ഇടവക ചീഫിന്റെ പ്രത്യേകാവകാശം അവസാനിപ്പിക്കാൻ സാധിക്കൂ എന്ന് ഗവണ്മെൻറ് കരുതുന്നുണ്ടോ;

(സി) തടി വിലയും, തറവിലയും കെട്ടിവച്ച് പട്ടയം പിടിച്ച കുടിയാന്മാർ മറ്റ് ഇടവകകളിലുമുണ്ടോ; മറ്റ് ഇടവക്കാരോടും, നാടുവാഴികളോടും ഈ തരത്തിൽ പട്ടയം പിടിച്ചിട്ടുള്ള കുടിയാന്മാർക്ക് ഉടമാവകാശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; അവർ നഷ്ടപരിഹാരം ചെയ്യുന്നുമെന്നാണോ ഗവണ്മെൻറിന്റെ അഭിപ്രായം?

ഉത്തരം.

(എ) ഇടവകകളിലെ കുടിയാന്മാർ ഇടവക ജന്മിക്കുള്ള നികുതിയല്ലാതെ അടിസ്ഥാനനികുതി കൊടുക്കുന്നില്ല. അടിസ്ഥാന നികുതി ഈടാക്കുന്നുമില്ല. എന്തു നികുതി പിരിക്കുന്നു എന്ന് അറിവില്ല.

(ബി) ഇടവക കുടിയാന്മാർക്ക് ഇടവകയിൽ നിന്ന് പട്ടയം കൊടുത്തിട്ടുണ്ട്. അവർ തടിവിലയും, തറവിലയും കെട്ടിവച്ചിട്ടുള്ളവരാണ്. പിരിവ് ഇടവക ആക്ടനുസരിച്ചുള്ള തുകകൊണ്ട് റദ്ദുചെയ്യുന്നതിന് കാരണം കാണുന്നില്ല. ഗവണ്മെൻറിന്റെ പൊതുനയം അനുസരിച്ചും ഇടവക ആക്ട് അനുസരിച്ചും തീരുമാനിക്കേണ്ടതാണ്.

(സി) ഈ പ്രശ്നം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly